## ഏപ്രിൽ 2016

**"കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? അവനോട് കരുണ കാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശു പറഞ്ഞു; നീയും പോയി അതുപോലെ ചെയ്യുക."**

..............................................(ലൂക്കാ 10:36,37)..............................................

### വിചിന്തനം

ദൈവത്തിന്റെ കരുണ ആഴമറ്റതാണ്; അതിന് നിരവധി മാനങ്ങളുണ്ട്. ഈ മാസത്തിലെ നമ്മുടെ വിചിന്തനത്തിനുള്ള തിരുവചനങ്ങളിൽ യേശു, കരുണയുടെ മറ്റൊരു ഭാവത്തെക്കുറിച്ച് പറയുന്നു. അത് മറ്റുള്ളവരോടുള്ള കനിവ് ആണ്. നല്ല സമരിയാക്കാരന്റെ ഉപമയിൽ കരുണയുടെ ഭാവമാണ് യേശു നമുക്ക് കാട്ടിത്തരുന്നത്; "അയൽക്കാരൻ" എന്നു വിവരിക്കപ്പെടുന്ന നല്ല സമരിയാക്കാരന്റെ പ്രവൃത്തികളിലൂടെയാണത്. ഈ സമരിയാക്കാരന് ദുരിതത്തിൽ അകപ്പെട്ടവനോട് ഏതെങ്കിലും തരത്തിലുള്ള കനിവ് കാട്ടേണ്ടതായ കാര്യമൊന്നുമില്ലായിരുന്നു. കാരണം സമരിയാക്കാർ യഹൂദരുടെ ശത്രുക്കളായാണ് കരുതപ്പെട്ടിരുന്നത്. ദുരിതത്തിലകപ്പെട്ടവനെ സഹായിക്കാൻ തക്ക മെച്ചപ്പെട്ട സാഹചര്യങ്ങളിലായിരുന്ന യഹൂദ പുരോഹിതനും ലേവായനും പുലർത്തിയ നിസ്സംഗതയോട് ഇത് താരതമ്യപ്പെടുത്തി നോക്കുക. സമരിയാക്കാരൻ കാട്ടിയത് അസാമാന്യമായ ധൈര്യവും അതിലും മഹത്തായ സ്വഭാവവിശേഷവുമാണ്; ദുരിതത്തിൽപ്പെട്ടവനോടുള്ള കനിവ്.

കരുണയെ മൃദുല വികാരങ്ങളോടോ ദാക്ഷിണ്യ മനോഭാവത്തോടോ ബന്ധപ്പെടുത്താനുള്ള വളരെ വ്യാപകമായ ഒരു പ്രവണതയുണ്ട്. എന്നാൽ കരുണയ്ക്ക് ഇവയുമായി ബന്ധമൊന്നുമില്ലെന്ന് യേശു വ്യക്തമാക്കുന്നു. മറ്റുള്ളവരോടു കാട്ടുന്ന കനിവ് - മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലേക്ക് നയിക്കുന്ന കനിവ് എന്ന "പ്രവർത്തനനിരതമായ കരുണ" യുടെ ഭാവത്തിന് യേശു ഊന്നൽ കൊടുക്കുന്നു. കനിവിന്റെയും മറ്റുള്ളവരെ പരിപാലിക്കുന്നതിന്റെയും ഫലങ്ങളായി കരുണ വിരിയുന്നില്ലെങ്കിൽ അത് അർത്ഥശൂന്യവും നിഷ്ഫലവുമാണെന്ന് യേശു സ്പഷ്ടമായി വെളിവാക്കുന്നു.

ദൈവത്തോടുള്ള സ്നേഹം പ്രവർത്തനനിരതമാകുന്നത് അയൽക്കാരനോടുള്ള സ്നേഹത്തിലാണ്. നമ്മുടെ അയൽക്കാരനെ അവഗണിക്കുമ്പോൾ നമുക്ക് ദൈവസ്നേഹം പ്രഘോഷിക്കാനാവില്ല. ദൈവകരുണ മനുഷ്യർ പ്രകടിപ്പിക്കുന്ന കരുണയുമായി എങ്ങനെ പലപ്പോഴും ബന്ധപ്പെട്ടിരിക്കുന്നുവെന്നും, അത് ഒരു ശൂന്യതയിലോ ദൈവവുമായുള്ള "നമ്മുടെ" ബന്ധത്തിന്റെ അടിസ്ഥാനത്തിലോ സംഭവിക്കില്ലായെന്നും, ഈ വർഷാരംഭത്തിൽ നാം വിചിന്തനം ചെയ്തിരുന്നു. നമ്മുടെ പ്രാർത്ഥനകളിലോ പ്രകാശനങ്ങളിലോ, ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രഘോഷിക്കുമ്പോൾ നമ്മുടെ അയൽക്കാരനെ എങ്ങനെ സ്നേഹിക്കുന്നുവെന്നും നമ്മുടെ അയൽക്കാരോട് എപ്രകാരം കനിവ് കാട്ടുന്നുവെന്നും നാം ആഴമായി ആത്മശോധന ചെയ്യുന്നത് തികച്ചും ഉചിതമാണ്.

കനിവ് കാട്ടാൻ ആളുകളെ തേടി നാം അലയേണ്ടതില്ല. അവർ എല്ലായിടത്തുമുണ്ട്; നമ്മുടെ ചുറ്റിലും, നമ്മുടെ ദൈനംദിന ജീവിതത്തിലും, ചിലപ്പോഴെങ്കിലും നാം വിചാരിക്കുന്നതിലുമേറെ അടുത്തുമുണ്ട്. അവർ ഒരുപക്ഷേ ഉപമയിലെ ആളെപ്പോലെ ശാരീരികമായി ആക്രമിക്കപ്പെട്ടയാളാവണമെന്നില്ല. എന്നാൽ നിരവധി പേർ അതിലും കഠിനമായി വൈകാരികമോ മാനസികമോ ആത്മീയമോ ആയ തലങ്ങളിൽ ദുരിതത്തിൽപ്പെട്ടവരാകാം. ശുശ്രൂഷിക്കേണ്ടവരായി കരുതപ്പെടുന്നവരാൽ അവഗണിക്കപ്പെട്ട അവർക്ക് കനിവിലൂടെ പകർന്നുകൊടുക്കേണ്ട കരുണയുടെ ഉറവിടങ്ങൾ നാമല്ലാതെ മറ്റാരുമായിരിക്കില്ല. നമ്മുടെ സാന്നിധ്യവും സഹിഷ്ണുതയും പ്രാർത്ഥനകളും പ്രായോഗിക സഹായവും അവരുടെ മുറിവുകൾ സുഖപ്പെടുത്തും; മാത്രമല്ല ഇല്ലായ്മയനുഭവിക്കുന്നവന്റെ വിമോചനത്തിനും വീണ്ടെടുപ്പിനും വഴി ഒരുക്കുകയും ചെയ്യും.

നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ മഹാകാരുണ്യം അനുഭവിച്ചുകൊണ്ട് നാം അവിടത്തോടൊപ്പം ചരിക്കുമ്പോൾ, ഒരു നല്ല അയൽക്കാരനെ വളരെയേറെ ആവശ്യമുള്ള നമ്മുടെ ചുറ്റിലുമുള്ളവരെക്കുറിച്ച് നമുക്ക് വിചാരമുണ്ടാവണം. മതം, ജാതി, വർണ്ണം, വംശം, സമ്പത്ത് തുടങ്ങിയവയുടെ പേരിൽ വളരെയധികം ധ്രൂവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ക്രിസ്ത്യാനികളെന്ന നിലയിൽ, ജീസസ് യൂത്ത് എന്ന നിലയിൽ നമ്മുടെ ഭക്താനുഷ്ഠാനങ്ങളെക്കാൾ സുവ്യക്തമായ രീതികളിൽ ദൈവകരുണ പ്രകാശിതമാക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കരുണയുടെ ഈ ജൂബിലി വർഷത്തിൽ ഫ്രാൻസിസ് പാപ്പ, അനുദിന ജീവിതത്തിൽ നമുക്കു ചുറ്റുമുള്ളവർക്ക് 'അയൽക്കാരൻ' ആയിരിക്കുവാൻ നമ്മെ ഓരോരുത്തരേയും ആഹ്വാനം ചെയ്യുന്നു. ആവശ്യനേരത്ത് കനിവിലൂടെയും പരിചരണത്തിലൂടെയും കരുണ കാട്ടാനുള്ള വിവേകവും ധൈര്യവുംകൊണ്ട് പരിശുദ്ധാത്മാവ് നമ്മെ പൂരിതരാക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.

### വിശുദ്ധർ പറയുന്നു:

നാം പാവപ്പെട്ടവരിൽ യേശുവിനെ ശുശ്രൂഷിക്കുന്നു. നാമിതെല്ലാം ചെയ്യുന്നത് അവനു വേണ്ടിയാണ്. നാം ചെയ്യുന്നതെല്ലാം-പ്രാർത്ഥന, ജോലി, ത്യാഗങ്ങൾ - യേശുവിനുവേണ്ടിയാണ്. നമ്മെ അഗാധമായി സ്നേഹിക്കുന്ന അവൻ അല്ലാതെ നമുക്ക് മറ്റൊരു അർത്ഥമോ പ്രചോദനമോ ഇല്ല.

(കൽക്കട്ടയിലെ വാ.മദർ തെരേസ)

### മാർപാപ്പ പറയുന്നു:

ഞാൻ എന്നോട് ചോദിക്കുന്നു; ഞാൻ നിങ്ങളോടും ചോദിക്കുന്നു; നമ്മുടെ ജീവിതത്തിന്റെ ചരിത്രമെഴുതാൻ നാം ദൈവത്തെ അനുവദിക്കുമോ അതോ നമുക്കുതന്നെ എഴുതണമെന്നുണ്ടോ? ഇത് വിധേയത്വത്തെക്കുറിച്ച് നമ്മോട് സംസാരിക്കുന്നു. നാം ദൈവവചനത്തിന് വിധേയരാണോ? ഉവ്വ്, എനിക്ക് വിധേയനാവണം. പക്ഷേ അവിടത്തെ വചനത്തിന് കാതോർക്കാൻ, അത് കേൾക്കാൻ നിനക്കു കഴിയുന്നുണ്ടോ?

ഓരോ ദിവസത്തിന്റെയും ചരിത്രത്തിൽ ദൈവവചനം കണ്ടെത്താൻ നിനക്കാവുന്നുണ്ടോ? നിന്നെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് നിന്നോടു സംസാരിക്കാൻ കർത്താവിനെ അനുവദിക്കാത്തവിധം നിന്റെ ആശയങ്ങൾ നിന്നെ ഭരിക്കുന്നുണ്ടോ? പുരോഹിതനും ലേവായനും സ്വാർത്ഥരായിരുന്നുവെന്ന് ഇന്ന് നാമെല്ലാവരും പറയുന്നുണ്ട് എന്ന് എനിക്കുറപ്പാണ്. പാപിയായ

സമരിയാക്കാരൻ ദൈവത്തിൽനിന്ന് ഓടിയകന്നില്ലായെന്നത് സത്യമാണ്. അതിനാൽ ഞാൻ പ്രാർത്ഥിക്കുന്നു. "നീയും അതുപോലെ ചെയ്യുക" എന്നു നമ്മോടു പറയുന്ന അവിടുത്തെ സ്വരം ശ്രവിക്കാൻ നമ്മെ അനുഗ്രഹിക്കട്ടെ.

**(ഫ്രാൻസിസ് പാപ്പ, 2013 ഒക്ടോബർ 7 പ്രഭാത ധ്യാനം)**

## കാരുണ്യപ്രവൃത്തി: രോഗബാധിതരെ സഹായിക്കുക

രോഗബാധിതരെ തങ്ങളുടെ ദുരിതത്തിലും ഇല്ലായ്മയിലും നാം അഭിമുഖീകരിക്കുമ്പോൾ നമ്മെ സമ്പന്നനാക്കാൻ തന്നെത്തന്നെ ദരിദ്രനാക്കിയ ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്കു നയിക്കുന്ന ഒരു യാത്രയും ഒരു വിളിയും നാം തിരിച്ചറിയുന്നു. (2 കോറി 8:9) തിരുവചനം ധ്യാനിച്ചുകൊണ്ട്, നമുക്കു ചുറ്റുമുള്ള ദുർബലരെയും രോഗാതുരരെയും ശുശ്രൂഷിക്കാൻ ലഭിക്കുന്ന അവസരം ഫലപ്രദമായി വിനിയോഗിക്കാം. നമ്മുടെ ജോലി, പണം, ആരോഗ്യം, സമയം തുടങ്ങി നമ്മുടെ എല്ലാ വിഭവശേഷിയുമുപയോഗിച്ച് പ്രത്യക്ഷമായി സേവനം ചെയ്യാം. അവരുടെ വീടുകൾ സന്ദർശിക്കുക, മരുന്നും മറ്റ് അവശ്യവസ്തുക്കളും നൽകുക, കുടുംബങ്ങളെ സാധ്യമായ രീതിയിലെല്ലാം സഹായിക്കുക, അവരോടൊപ്പം പ്രാർത്ഥിക്കുക, അങ്ങനെ അവരുടെ അടുത്തായിരിക്കാൻ നമുക്കു പരിശ്രമിക്കാം. നമ്മുടെ പിൻതുണയേകി അവരെ ശക്തിപ്പെടുത്താം. മറ്റുള്ളവരുടെ പെട്ടെന്നുണ്ടാകുന്ന പുറമെയുള്ള ആവശ്യങ്ങളെക്കുറിച്ച് ജാഗരൂകത പാലിച്ച് വേണ്ടുന്ന സഹായം അപ്പോൾത്തന്നെ നൽകി നമുക്കു നല്ല അയൽക്കാരാവാൻ ശ്രമിക്കാം. അങ്ങിനെ "ക്രിസ്തു സദൃശമായ" നമ്മുടെ പുത്തൻ യാത്രയ്ക്ക് തുടക്കം കുറിക്കാം.

ദൈവമേ സ്തുതി, ദൈവമേ നന്ദി

പരിശുദ്ധ മറിയമേ, രോഗികളുടെ ആരോഗ്യമേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.